(ബി) കൺസൾട്ടന്റിന്റെ പദ്ധതി റിപ്പോർട്ട് പ്രകാരം 1985 കാലഘട്ടത്തിൽ സ്ഥാപിച്ച പ്രസ്തുത ലൈൻ ഉപയോഗശൂന്യമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തുടർ നടപടി എന്ന നിലയിൽ സി ബ്ലോക്കിന്റെ പദ്ധതിയിൽ ടി ലൈനുകൾ പമ്പ്ഹൗസുമായി ബന്ധിപ്പിക്കുന്ന ജോലി കരാറുകാരനെക്കൊണ്ട് ചെയ്യുകൊണ്ടിരിക്കുന്നു.

(സി) എ.ഡി.ബി. ഫണ്ട് ഉപയോഗിച്ചുള്ള 'സി' ബ്ലോക്കിന്റെ പുനരുദ്ധാരണ പദ്ധതിയിലാണ് ടി പ്രദേശത്തെ നിലവിലുള്ള ലൈനുകളെ പമ്പ്ഹൗസുമായി ബന്ധിപ്പിക്കുന്ന ജോലി ഉൾക്കൊള്ളിച്ചിരിക്കുന്നത്.

(ഡി) സമർപ്പിച്ചിട്ടുണ്ട്. ടി പ്രദേശത്തിന് സമീപത്തുള്ള 350 മീറ്റർ ദൂരത്തിൽ പൈപ്പ് ലൈനുകൾ നിലവിലില്ലാത്തതിനാൽ മൂന്നാം മനയ്ക്കൽ റസിഡന്റ്സ് അസോസിയേഷന്റെ അപേക്ഷ പ്രകാരം പ്രസ്തുതദൂരം സ്വീവറേജ് ലൈൻ സ്ഥാപിക്കുവാനും നിലവിലുള്ള ലൈനുമായി ബന്ധിപ്പിക്കുവാനും വേണ്ടിയുള്ള ഫീസിബിലിറ്റി സർവ്വേ നടത്തുവാൻ വാട്ടർ അതോറിറ്റി നടപടി സ്വീകരിച്ചുവരുന്നു.

വൈക്കം വെള്ളൂർ ജലവിതരണ പ്ലാന്റ്

159 (4962) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈക്കം നിയോജകമണ്ഡലത്തിലെ വെള്ളൂർ ഗ്രാമപഞ്ചായത്തിൽ സ്ഥാപിച്ചിരിക്കുന്ന ജലവിതരണ പ്ലാന്റിൽനിന്നും ഏതൊക്കെ പദ്ധതികളിലൂടെ ഏതൊക്കെ പഞ്ചായത്ത്, മുൻസിപ്പൽ പ്രദേശങ്ങളിലേക്കാണ് ജലവിതരണം നടത്തുന്നതെന്നും ഓരോ പദ്ധതികളിലും ഉൾപ്പെടുന്ന പ്രദേശങ്ങളിലേക്ക് എത്ര അളവ് ജലമാണ് വിതരണം ചെയ്യേണ്ടതെന്നും കഴിഞ്ഞ രണ്ടുമാസത്തിനുള്ളിൽ അനുവദിക്കപ്പെട്ട അളവുകളിൽ ജലവിതരണം നടത്താൻ കഴിഞ്ഞിട്ടുണ്ടോ എന്നും വെളിപ്പെടുത്താമോ ;

(ബി) പ്രസ്തുത പ്ലാന്റിൽ ഏതൊക്കെ തസ്തികയിൽ എത്ര ജീവനക്കാരാണ് ജോലി ചെയ്യുന്നതെന്നും ഇതിൽ എത്ര താല്ക്കാലിക ജീവനക്കാർ ഉൾപ്പെട്ടിട്ടുണ്ടെന്നും അവർ ആരൊക്കെയെന്നും അറിയിക്കുമോ ;

(സി) പ്രസ്തുത പ്ലാന്റിൽനിന്നും വിവിധ ടാങ്കുകളിലേക്ക് വെള്ളം എത്തിക്കുന്നതിന് എത്ര മോട്ടോറുകളാണ് പ്രവർത്തിപ്പിക്കുന്നതെന്നും ഇത് ഏതൊക്കെ പ്രദേശങ്ങളിലേക്ക് വെള്ളം പമ്പ് ചെയ്യുന്നതിന് ഉപയോഗിക്കുന്നതാണെന്നും പമ്പിംഗ് മുടങ്ങാതിരിക്കുവാൻ പകരം മോട്ടോറുകൾ ഉറപ്പുവരുത്തിയിട്ടുണ്ടോ എന്നും ഈ മോട്ടോറുകൾ എല്ലാം പ്രവർത്തനക്ഷമമാണോ എന്നും വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ)

1. വെളിയന്നൂരിനും സമീപ ഗ്രാമപഞ്ചായത്തുകൾക്കും വേണ്ടിയുള്ള ത്വരിത ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതി പ്രകാരം വെള്ളൂർ, മുളങ്കുളം, ഞീഴൂർ, ഉഴവൂർ, വെളിയന്നൂർ, കടുത്തുരുത്തി, കല്ലറ പഞ്ചായത്തുകളിലേയ്ക്ക് ജലവിതരണം നടത്തുന്നു.

2. വൈക്കം നഗര ശുദ്ധജല വിതരണ പദ്ധതി പ്രകാരം വൈക്കം മുൻസിപ്പാലിറ്റിക്ക് ജലവിതരണം നടത്തുന്നു.

3. തലയാഴത്തിനും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള ത്വരിത ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി പ്രകാരം തലയോലപറമ്പ്, മറവൻതുരുത്ത്, ചെമ്പ്, തലയാഴം, വെച്ചൂർ ഉദയനപുരം പഞ്ചായത്തുകൾക്കുമാണ് ജലവിതരണം നടത്തുന്നത്.

വൈക്കം നഗര ശുദ്ധജല വിതരണ പദ്ധതി, തലയാഴം ത്വരിത ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി എന്നീ പദ്ധതികളിലേയ്ക്ക് സാധാരണ ശരാശരി 18 എം.എൽ.ഡി. വെള്ളം വിതരണം ചെയ്യുന്നുണ്ടെങ്കിലും വൈദ്യുതി തകരാറുകാരണം മെയ് മാസത്തിൽ 14 എം.എൽ.ഡി. വെള്ളവും വെളിയന്നൂരിനും സമീപ വില്ലേജുകൾക്കും വേണ്ടിയുള്ള ത്വരിത ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി പ്രകാരം മെയ് മാസത്തിൽ 9 എം.എൽ.ഡി. വെള്ളവും ജൂൺ മാസത്തിൽ 4.6 എം.എൽ.ഡി. വെള്ളവും വിതരണം ചെയ്തിട്ടുണ്ട്. ജൂൺ മാസത്തിൽ വൈദ്യുതി തകരാർമൂലം വിതരണം ചെയ്യേണ്ട വെള്ളത്തിന്റെ അളവിൽ കുറവ് വന്നിട്ടുണ്ട്. നിശ്ചിത സ്കീമുകൾക്ക് ഫ്ളോ മെഷർമെന്റ് സംവിധാനം ഏർപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഓരോ പദ്ധതി പ്രകാരമുള്ള ജലവിതരണത്തിന്റെ അളവ് ലഭ്യമല്ല.

(ബി) ഓരോ ഷിഫ്റ്റിലും മൂന്ന് ഓപ്പറേറ്റർ, രണ്ട് ഷിഫ്റ്റ് അസിസ്റ്റന്റ്, ഒരു വാച്ചർ എന്നിവർ ജോലി ചെയ്യുവരുന്നു. ഇപ്രകാരം ദിവസം 3 ഷിഫ്റ്റ് പ്രവർത്തിക്കുന്നുണ്ട്. എല്ലാ ജീവനക്കാരും കരാർ പ്രകാരം ആയതുകൊണ്ട് പേരു വിവരം കേരള വാട്ടർ അതോറിറ്റിയിൽ ലഭ്യമല്ല.

(സി) വെള്ളൂർ ഗ്രാമപഞ്ചായത്തിൽ സ്ഥാപിച്ചിരിക്കുന്ന ജലവിതരണ പ്ലാന്റിൽനിന്നും, ഡി.ബി. കോളേജ് കോമ്പൗണ്ട് ടാങ്ക്, ജാതിക്കാമല ടാങ്ക്, പെരുവ-മറ്റപള്ളിക്കുന്ന് ടാങ്ക് എന്നിവിടങ്ങളിലേയ്ക്ക് വെള്ളമെത്തിക്കുന്നതിനായി മൂന്ന് മോട്ടോറുകൾ പ്രവർത്തിക്കുന്നു. ഡി.ബി. കോളേജ് കോമ്പൗണ്ട് ടാങ്കിൽനിന്നും

LIBRARY ARCHIVES Kerala Legislative Assembly

വൈക്കം അസംബ്ലിമണ്ഡലത്തിലേക്കും, ജാതിക്കാമല ടാങ്കിൽനിന്നും വെള്ളൂർ മുളങ്കുളം, ഞീഴൂർ കുട്ടുത്തുരുത്തി, കല്ലറ എന്നീ പഞ്ചായത്ത് പ്രദേശങ്ങളിലേയ്ക്ക് ഭാഗികമായും പെരുമറ്റം പള്ളിക്കുന്ന് ടാങ്കിൽനിന്നും ഉഴവൂർ, വെളിയന്നൂർ പഞ്ചായത്ത് പ്രദേശങ്ങളിലേക്കും വെള്ളമെത്തിക്കുന്നു. എല്ലാ ടാങ്കുകളിലേക്കും പമ്പ് ചെയ്യുന്നതിനും പമ്പിംഗ് മുടങ്ങാതിരിക്കുന്നതിനുമായി സ്റ്റാന്റ് ബൈ പമ്പ്സെറ്റുകൾ നിലവിലുണ്ട്. മൂന്ന് ടാങ്കുകളിലേയ്ക്കുമുള്ള പമ്പ്സെറ്റുകളുടെ ഓരോ സ്റ്റാർട്ടറുകൾ റിപ്പയറിംഗിലാണ്.

ത്വരിത ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികൾ

160 (4963) ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ത്വരിത ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികൾക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതികളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ ;

(സി) ഇതിനായി ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേരള വാട്ടർ അതോറിറ്റി ഗ്രാമീണമേഖലയിലെ ജനങ്ങളിൽ ഒരാൾക്ക് പ്രതിദിനം 70 ലിറ്റർ കുടിവെള്ളം ലഭ്യമാകുന്നരീതിയിലാണ് പദ്ധതികൾ ആവിഷ്കരിച്ചിട്ടുള്ളത്. വെള്ളത്തിന്റെ ഗുണനിലവാരം കുറഞ്ഞ സ്ഥലങ്ങളിൽ പദ്ധതികൾക്ക് മുൻഗണന നൽകാറുണ്ട്. സസ്റ്റെനബിലിറ്റി വിഭാഗത്തിൽ മഴവെള്ള സംഭരണികൾ, തടയണകളുടെ നിർമ്മാണം, ഇൻടേക്ക് വെല്ലുകളുടെ പുനരുദ്ധാരണം, കിണറുകളുടെ റീ-ചാർജ്ജ് എന്നീ പദ്ധതികൾ ഏറ്റെടുത്ത് കുടിവെള്ള പദ്ധതികളിൽ ജലത്തിന്റെ ലഭ്യത ഉറപ്പ്വരുത്തുവാൻ സാധിക്കുന്നുണ്ട്. കൂടാതെ ഗ്രാമീണമേഖലകളിലെ സ്കൂളുകളിൽ കുടിവെള്ള വിതരണ പദ്ധതിയും ഉൾപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly